URC-B-MLY

മലയാളം / MALAYALAM
പേപ്പർ II / Paper II
(സാഹിത്യം) / (LITERATURE)

സമയം : **മൂന്ന്** മണിക്കൂർ *Time Allowed : **Three** Hours*	പരമാവധി മാർക്ക് : **250** *Maximum Marks : **250***

ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :

ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

ഒന്നാമത്തെയും അഞ്ചാമത്തെയും ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോ ചോദ്യത്തിനും/ വിഭാഗത്തിനും ഉള്ള മാർക്കു് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളം ലിപിയിൽ)** ത്തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളു. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്‌ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

Question Paper Specific Instructions

Please read each of the following instructions carefully before attempting questions :

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

The number of marks carried by a question / part is indicated against it.

*Answers must be written in **MALAYALAM (Malayalam script)**.*

Word limit in questions, wherever specified, should be adhered to.

Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.

Optional Province · optionalprovince.com

SECTION A

Q1. സന്ദർഭം, ആശയം, സാരസ്യം എന്നിവ വ്യക്തമാക്കുക. ഒരോ ഉത്തരവും നൂറ്റിയമ്പതു് വാക്കുകളിൽ കവിയരുതു്. *10×5=50*

(a) "സുപരീക്ഷിതമായ രാഗവും
കൃപയും കൂടിമറന്നു കേവലം
കൃപണോക്തികൾ കേട്ടു മുദ്ധികെ -
ട്ടപകൃത്യത്തിനു ചാടുമേ ചിലർ" *10*

(b) "അതിനാലന്നു തുടങ്ങിമഹാമുനി
യവിടെപ്പുക്കാൻ ഭാര്യയുമായേ;
മതിമാനാകിയ മുനിവനെയിവിടെ
വരുത്തുവതിന്നിനിയെളുതു നമുക്കും". *10*

(c) "കാളംപോലേ കുസുമധനുഷോ ഹന്ത പൂങ്കോഴികൂകീ
ചോളംപോലേചെതറിവിളറീതാരകാണാം നികായം
താളം പോലേ ചുലരിവനിതയ്ക്കാഗതൗ ചന്ദ്രസൂര്യൗ
നാളം പോലേനളിന കുഹരാദുദ്ഗതാ ഭൃംഗരാജിഃ" *10*

(d) "ചരതമൊടു പൊരുവതിനു വരികവരികാശുനീ
ചാകാത്ത നാളല്ല ഞാനും പിറന്നിതു" *10*

(e) "എങ്കിൽ, ഞാൻ മുഴക്കോലുമുളിയും പണിക്കൂറിൽ -
പ്പങ്കിടാറുള്ളാഹ്ളാദമിപ്പൊഴും നുണഞ്ഞേനേ" *10*

Optional Province · optionalprovince.com

Q2. (a) ഭാഷാപരമായ പ്രത്യേകതകൾ കൊണ്ടുമാത്രമല്ല, സാഹിത്യഗുണം കൊണ്ടും രാമചരിതം പ്രാചീനകാവ്യങ്ങളിൽ പ്രഥമഗണനീയംതന്നെ - ചർച്ചചെയ്യുക. *20*

(b) മനസ്സിന്റെ നിഗൂഢ വ്യാപാരങ്ങളും സംഘർഷാത്മകതയും വ്യക്തിയുടെ അഹംബുദ്ധിയിൽ നിന്നുണ്ടാകുന്ന ആത്മീയ വ്യഥയും 'പെരുന്തച്ചനി'ൽ എങ്ങനെ വിളക്കിച്ചേർത്തിരിക്കുന്നു ? *15*

(c) 'കൂടിയൊഴിക്കൽ' എന്ന കവിതയുടെ പ്രമേയത്തിനു് സർവ്വകാലപ്രസക്തിയും സമകാലപ്രസക്തിയുമുണ്ട് - സമർത്ഥിക്കുക. *15*

Q3. (a) മകുടിയൂതുന്ന കുറവയുവാവ്, ആ ഗാനധാരയിൽ ആകൃഷ്ടയായി അരികിലെത്തുന്ന യുവതി, അവരുടെ വേർപാടും മകുടിയുടെ ദഹനവും - ഈ ബിംബങ്ങൾ കാല്പനികതയുടെ നിരർഥകതയെ എങ്ങനെ സമർഥമായി സൂചിപ്പിക്കുന്നു. *20*

(b) സ്ഥാപിതമായതിനെയെല്ലാം തിരസ്കരിച്ച് അവനവന്റെ മനഃസാക്ഷിക്കനുസരണമായ പാതകണ്ടെത്തുക എന്നതാണു് കുരുക്ഷേത്രം നൽകുന്ന ദർശനത്തിന്റെ സാരം - സമർഥിക്കുക. *15*

(c) ഭൂമിയുടെ ചരമം എന്ന സങ്കല്പത്തിലേക്കു് കവിയെ എത്തിച്ച സംഘർഷങ്ങളും വ്യഥകളും നമ്മുടെ കാലത്തിന്റെ തന്നെ രോദനമായിത്തീർന്നിട്ടുണ്ട് - നിരൂപണംചെയ്യുക. *15*

Q4. (a) എഴുത്തച്ഛന്റെ യുദ്ധവർണ്ണന ഒരു നേർക്കാഴ്ചയുടെ അനുഭവം നൽകുന്നു - സോദാഹരണം സ്ഥാപിക്കുക. *20*

(b) വർണ്ണനകളുടെ നൈസർഗ്ഗികതയും അവയുടെ അലങ്കാര സൗഭഗവും ധാരാളിത്തവും എങ്ങനെ 'ഉണ്ണുനീലിസന്ദേശ'ത്തിന്റെ ആത്മാവായിമാറുന്നു എന്നു് പാഠഭാഗനിരൂപണത്തിലൂടെ - ചുണ്ടിക്കാട്ടുക. *15*

(c) 'പണ്ടത്തെ മേശാന്തി' ആഢ്യത്വത്തിന്റെയും നമ്പൂരിത്തത്തിന്റെയു അനുകമ്പാർഹമായ പതനം വെളിപ്പെടുത്തുന്നത് ഏതൊക്കെ വിധത്തിൽ ? വിവരിക്കുക. *15*

Optional Province · optionalprovince.com

SECTION B

Q5. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയമ്പതു് വാക്കുകളിൽ കവിയരുത്. *10×5=50*

(a) '1128 ൽ ക്രൈം 27' എന്നനാടകത്തിലെ ഗുരു - ശിഷ്യ സംവാദത്തിന്റെ ബൗദ്ധിക തലങ്ങൾ ചൂണ്ടിക്കാട്ടുക. *10*

(b) ആംഗല വിദ്യാഭ്യാസം നൽകിയ സ്വാതന്ത്ര്യ ബോധത്തിന്റെ നികവാണു് ഇന്ദുലേഖയുടെയും മാധവന്റെയും വ്യക്തിത്വങ്ങളെ രൂപപ്പെടുത്തിയത് എന്നു പറയാമോ ? നിരൂപിക്കുക. *10*

(c) ഭാഷയുടെ ദേശത്തനിമയും പ്രണയത്തിന്റെ ദുരന്തഭാവസ്ഥലികളുമാണു് ചെമ്മീൻ എന്ന നോവലിനെ കാലാനിവർത്തിയാക്കുന്നത് എന്ന നിരീക്ഷണം നിരൂപണ ബുദ്ധ്യാ പരിശോധിക്കുക. *10*

(d) ഖസാക്കിലെ രവിയെ പിൻതുടരുന്ന പാപബോധത്തിന്റെ വ്യഥകളെ പ്രമേയ സന്ദർഭങ്ങളിലൂടെ പരിചയപ്പെടുത്തുക. *10*

(e) കഥയെ കവിതയോളമെത്തിക്കുന്ന ഭാവാത്മകതയുടെ ടെക്നിക്കിൽ വാനപ്രസ്ഥം എപ്രകാരം പൂർണ്ണതയിലെത്തുന്നുവെന്നു് പരിശോധിക്കുക. *10*

Q6. (a) ചങ്ങമ്പുഴ എന്ന റൊമാന്റിക് കവിയെപുതുതായി കണ്ടെത്താനും, കവിയുടെയും കവിതകളുടെയും സൂക്ഷ്മഭാവ ഗ്രന്ഥികളെ തൊട്ടുകാണിക്കാനും എം.കെ. സാനുവിനു് കഴിഞ്ഞിട്ടുണ്ട് എന്നു് ഗ്രന്ഥത്തിലെ സന്ദർഭങ്ങളെ മുൻനിർത്തി പരിശോധിക്കുക. *20*

(b) കണ്ണീരുകൊണ്ടു തളരാതെയും, കിനാവുകൊണ്ട് മയങ്ങിപ്പോകാതെയും ജീവിതത്തെ അഭിമുഖീകരിച്ച വി.ടി. ഭട്ടതിരിപ്പാടിനെ ആത്മകഥാ സന്ദർഭങ്ങളിലൂടെ പരിചയപ്പെടുത്തുക. *15*

(c) മരണം - അവനവന്റെ മരണം - ഒരു തമാശയാണെന്ന എക്സിസ്റ്റൻഷ്യലിസ്റ്റ് ആശയം ചിത്രീകരിക്കുകയാണ് ക്രൈം നാടകത്തിൽ സി.ജെ. ചെയ്യുന്നതെന്നു പറയാമോ ? വിശദമാക്കുക. *15*

Optional Province · optionalprovince.com

Q7. (a) മലയാള നോവൽസാഹിത്യത്തിന്റെ ദിശാസൂചിയായി മാറാൻ ഒ. ചന്ദുമേനോന്റെ ഇന്ദുലേഖയക്ക് സാധിച്ചതെങ്ങനെയെന്ന് വിമർശാത്മകമായി വിലയിരുത്തുക. *20*

(b) "അങ്ങനെ ഈ ഘോഷയാത്ര പ്രാകൃതത്വത്തിന്റെ പശ്ചാത്തലത്തിൽ ധർമ്മബോധത്തെ തെളിച്ചെഴുതിയ ഒരു വിശിഷ്ട സന്ദർഭമാണെന്നു വരുന്നു" – മാരാരുടെ ആശയങ്ങളിലൂടെ ആ ഘോഷയാത്രയെ പുനരാവിഷ്കരിക്കുക. *15*

(c) കലാകൗശലത്തിന്റെ സമഗ്രമായ വിജയമാണു് ഹിഗ്വിറ്റ എന്ന കഥയെ ശ്രദ്ധേയമാക്കുന്നതു് - സമർഥിക്കുക. *15*

Q8. (a) വ്യാസഭാരതത്തിലെ കഥാപാത്രങ്ങളെയും സന്ദർഭവിഷേങ്ങളെയും സന്ദേശങ്ങളെയും ഭാരതപര്യടനത്തിൽ സ്വതന്ത്രസുന്ദരമായി മാരാർ എങ്ങനെ വിമർശിക്കുന്നു എന്നു വ്യക്തമാക്കുക. *20*

(b) കഥയുടെ രചനാതന്ത്രത്തിന്റെ കാര്യത്തിൽ വാനപ്രസ്ഥവും ഹിഗ്വിറ്റയും തമ്മിലുള്ള അന്തരം ചൂണ്ടിക്കാട്ടുക. *15*

(c) മനുഷ്യന്റെ അസ്തിത്വത്തെ സംബന്ധിച്ച ദാർശനികവ്യഥകളാണു് ഖസാക്കിനെ ഒരു ഇതിഹാസമാക്കിമാറ്റുന്നതു് - ചർച്ചചെയ്യുക. *15*

Optional Province · optionalprovince.com